# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നീലംപേരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം

# ആലപ്പുഴ-688001

# ഇ-മെയിൽ: ddhglfalpy@gmail.com

# ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി10/1275/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 05/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി10/1275/2025 തീയ്യതി: 05/12/2025

# ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതാ ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-10-2025 | 17-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-10-2025 | 17-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പുഷ്പരാജ് വി.കെ., ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ബിനു സുരേഷ്, ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.കെ.തങ്കച്ചൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.നവാസ്.ബി | സെക്രട്ടറി | 01-04-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രുതി.പി.എൽ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ദിവ്യ ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.അച്ചു തോമസ് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2024 | 31-03-2025 |
| ഡോ.റബിത്ത്.കെ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.മരിയ തെരേസ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി.വിനിത.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 08-08-2024 |

| | | | |
|---|---|---|---|
| വേക്കന്റ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-08-2024 | 11-08-2024 |
| ശ്രീമതി.ജിജ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| ശ്രീമതി.അമ്പിളി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ജിനീഷ്.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.രശ്മി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.മിനികുമാരി.കെ.എസ് | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി.എയ്ഞ്ചൽ അയന.കെ.ജെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 27-07-2024 |
| വേക്കന്റ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-07-2024 | 11-08-2024 |
| ശ്രീമതി.ഗായത്രി.കെ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-08-2024 | 31-03-2025 |
| ശ്രീ.ജി.ശ്രീകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റേഷ്യോസ്, നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക - ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-1-3 |
| 5 | തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി | 1-1-4 |
| 6 | ബ്ലോക്ക് പഞ്ചയത്ത് വിഹിതം -ചെലവ് അക്കൗണ്ട് ചെയ്തില്ല | 1-1-5 |
| 7 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ബാധ്യതയ്ക്ക് തത്തുല്യമായ നീക്കിയിരിപ്പില്ല | 1-1-6 |
| 8 | കെ.യു.ആർ.ഡി.എഫ്.സി വായ്പ - തിരിച്ചടവ് ഇൻകം & എക്സ്പന്ററീച്ചർ സ്റ്റേറ്റ്മെന്ററിൽ ഉൾപ്പെട്ടില്ല | 1-1-7 |
| 9 | പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെട്ടിട്ടില്ല | 1-1-8 |
| 10 | രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിപാലിക്കുന്നില്ല | 1-1-9 |
| 11 | തെറ്റായ ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തു | 1-1-10 |
| 12 | എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ തെറ്റായി നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-12 |
| 14 | യഥാസമയം ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-13 |

| | | |
|---|---|---|
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് സ്റ്റേറ്റ്മന്റ് -ന്യൂനതകൾ | 1-4-1 |
| 18 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ജി.എസ്.ടി ഈടാക്കി | 1-10 |
| 25 | കെട്ടിടത്തിന്റെ തറനിർമ്മിതി തെറ്റായി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-11 |
| 26 | 60 ച.മീ. തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിലെ അപാകതകൾ | 1-12 |
| 27 | വസ്തുനികുതി പരിഷ്ക്കരണ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |
| 28 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു | 1-14 |
| 29 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കുന്നില്ല | 1-15 |
| 30 | മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവു തുകകൾ ഗ്രാമപ്പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം ഒടുക്കുവരുത്തുന്നില്ല | 1-16 |
| 31 | എ.എം.സി പുതുക്കൽ - ആദായ നികുതി ഈടാക്കിയില്ല | 1-17 |
| 32 | ജി.എസ്.റ്റി. -ടിഡിഎസ് കിഴിവ് ചെയ്തില്ല | 1-18 |

| | | |
|---|---|---|
| 33 | GST-TDS ഈടാക്കിയതിൽ കുറവ് | 1-19 |
| 34 | സ്ട്രീറ്റ് ലൈൻ വലിക്കൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല | 1-20 |
| 35 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- KMSCL ൽ നിന്നും ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല | 1-21 |
| 36 | കരാർ ലംഘനം നടത്തിയ ഗുണഭോക്താക്കളിൽ നിന്നും പണം തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല | 1-22 |
| 37 | മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത ഇൻഷുറൻസ് പോളിസി എടുക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല | 1-23 |
| 38 | മരാമത്ത് പ്രവൃത്തികളിൽ നിയമപ്രകാരമുള്ള ഇൻഷ്വറൻസ് കവറേജ് എടുക്കാതെ ഫൈൻ മാത്രം ഈടാക്കുന്നു | 1-24 |
| 39 | ഈടാക്കിയ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും നിശ്ചിത ഫണ്ടുകളിലേയ്ക്ക് തിരിച്ചടക്കുന്നില്ല | 1-25 |
| 40 | ഗ്രാമപഞ്ചായത്തിൽ റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി നടപ്പാക്കാത്തത് മൂലം അധിക ചെലവ് ഉണ്ടാകുന്നു | 1-26 |
| 41 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 42 | ഭവനപുനരുദ്ധാരണ പദ്ധതി -പൂർത്തീകരിച്ചില്ല | 1-28 |
| 43 | തൊഴിലുറപ്പ് പദ്ധതി- സാധനവിതരണ കരാറുകളിൽ നിയമാനുസൃത മൂല്യമുള്ള മുദ്രപ്പത്രം ഉപയോഗിക്കാത്തത് മൂലം സർക്കാരിന് വരുമാനനഷ്ടം | 1-29 |
| 44 | വെള്ളക്കരം കുടിശികയും ഫൈനും വർദ്ധിക്കുന്നു | 1-30 |
| 45 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-31 |
| 46 | ജൽ ജീവൻ പദ്ധതി-അവലോകനം | 1-32 |

| | | |
|---|---|---|
| 47 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-33 |
| **ഭാഗം 2** | | |
| 1 | കെട്ടിടത്തിന്റെ തറനിർമ്മിതി തെറ്റായി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള
(അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാ
കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ ക
പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരി
കമ്മറ്റി 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 28.07.2025 തീയതിയിൽ
ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നീലംപേരൂർ ഗ്രാമ പഞ്ചായത്തിന്
അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എ
സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടു
പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത്
സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യ
അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എ
ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാന
AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ
മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് ന
സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക
ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ
മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനക
വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റ്
ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ

വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വില
ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം
നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീക
അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി
ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്ത
റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യ

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വ
കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി നീ
പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനക
ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചി

ഡെപ

## 1-1-1 റേഷ്യോസ്, നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2) (ഇ),(എഫ്) എന്നി
റേഷ്യോസ്, നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടു

സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം.1 തീയതി 09.10.2025) അടുത്ത വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (₹22868613/-) അതേ പത്രികയി നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയു പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം.1 ത തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

## 1-1-3 ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക - ക്രമീകരിക്കുന്നതിന് സ്വീകരിച്ചില്ല

നീലംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ STATE BANK OF INDIA KAINADY( 10570932416 ) ര റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്നതിനു കീഴെ പ്രകാരമുള്ള തുക രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 16.07.2024 | 7,667/- |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായ പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസ പട്ടികയിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച എൻകചയറിയ്ക്ക് (നം.1 തീയതി 09.10.2025) അടുത്ത വർഷം പരിഹരിക്കുന്നതാണെന്ന്

## 1-1-4 തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി

രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-10-ൽ 180400103 Recovery From Employ Based On Audit Report/Audit Enquiry എന്ന ശീർഷകത്തിൽ 1,970/-രൂ

രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക തൊഴിൽ നികുതിയിനത്തിൽ അതര ജീവനക്കാരിൽ നിന്നും ഈടാക്കിയതാണെന്ന് കാണുന്നു. കൂടാതെ 180400301 Recovery Recovery എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള 5,000/-രൂപ ലൈസൻസ് ഫീസിനത്ത തുകയാണെന്ന് കാണുന്നു.

## 1-1-5 ബ്ലോക്ക് പഞ്ചായത്ത് വിഹിതം -ചെലവ് അക്കൗണ്ട് ചെയ്തില്ല

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint V Block Panchayatsഎന്ന ഇനത്തിൽ ആകെ ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെ രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 10, അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കണ്ണങ്കര ബണ്ട് നിർമാണം വാർഡ്-5 എന്ന പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹി ചെലവഴിച്ച 5,00,000/-രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി 09.10.2025) തൃപ്തിക ലഭ്യമാക്കിയില്ല. തന്മൂലം പഞ്ചായത്തിന്റെ ആകെ ആസ്തിമൂല്യത്തിൽ കുറവ് സംഭവി

## 1-1-6 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ബാധ്യതയ്ക്ക് തത്തുല്യമായ നീ

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന അൺടൈഡ്) അവശേഷിക്കുന്ന ബാധ്യത 1,05,16,289/-രൂപയാണ്. എന്നാൽ ഈ അ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ [THE SOUTH INDIAN BANK-( 0821053000001871 നീക്കിയിരിപ്പുള്ളതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക. തീയതി 09.10.2025) അടുത്ത വർഷം ക്രമീകരിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-1-7 കെ.യു.ആർ.ഡി.എഫ്.സി വായ്പ - തിരിച്ചടവ് ഇൻകം & എക്സ്പെൻഡിച്ച സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല

തൻവർഷം വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയിൽ നിന്നും കെ.യു.
വായ്പ ഇനത്തിൽ തിരികെ ഒടുക്കുന്നതിനായി സോഴ്സിൽ പിടിച്ച തുകയ്ക്ക് (15,02,0
വെച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവുകൾ 252140202-Projects As Per Govt Order-Loan Repayment
എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച്
എൻകയറിയ്ക്ക് (നം.1 തീയതി 09.10.2025) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

## 1-1-8 പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധി
എൻകയറിയ്ക്ക് (നം.1 തീയതി 09.10.2025) ആസ്തിയിൽ ഉൾപ്പെടുത്തു
സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-1-9 രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിപാല

ലോൺ രജിസറ്റർ, ഡെപ്പോസിറ്റ് രജിസറ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്ത
വർഷാന്ത്യം ക്ലോസ് ചെയ്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷ
ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. ഇത് സംബന്ധിച്ച്
എൻകയറിയ്ക്ക് (നം.1 തീയതി 09.10.2025) വരും വർഷങ്ങളിൽ രജിസ്റ്ററുകൾ കൃത്യമാ
മറുപടി നല്കി.

## 1-1-10 തെറ്റായ ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തു

പഞ്ചായത്ത് ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുത്ത ഇനത്തിൽ 6,59,239/-
ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക 251240712-Projects As Per Government Orders - Renting V
എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. കൈമാറിക്കിട്ടിയ
ദൈനംദിന ചെലവുകൾ, പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം തുടങ്ങിയവ 2512300
Implementation And Monitoing-Plan Formulation, Implementation And Monitoring Programmes എന്ന ശീ
ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.1 തീയതി

മാറി പോയതാണെന്ന് മറുപടി നല്കി. ഭാവിയിൽ ഇത്തരം ന്യൂനതകൾ ആവർത്ത ശ്രദ്ധിക്കേണ്ടതാണ്.

**1-1-11 എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള വരവ് ചെലവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

വാർഷിക കണക്കിലെയും എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള പെർഫോമൻസ് സ്റ്റേറ്റ്മെന്റിലെയും വരവ് ചെലവുകൾ തമ്മിൽ പൊരുത്തപ്പെട വാർഷിക കണക്കുകളിലെ വിവിധ പത്രികകളിൽ ഉൾപ്പെട്ടിട്ടുള്ള തു പൊരുത്തപ്പെടാത്ത സ്ഥിതിയുമുണ്ട്.

**1-1-12 ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ തെറ്റായി നീക്കിയ രേഖപ്പെടുത്തിയിരിക്കുന്നു**

രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-15 ൽ 431910201 Outdoor Collection Co ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള 73,100/-രൂപ ഉൾപ്പെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച് എൻക്വയറിയ്ക്ക് (നം.1 തീയതി 09.10.2025) യഥാർത്ഥത്തിൽ ഈ ശീർഷകത്തിര നീക്കിയിരിപ്പില്ലായെന്നും ആയത് പരിഹരിക്കുന്നതിന് ഐ.കെ.എമ്മിന് കത്ത് ന മറുപടി നല്കി.

**1-1-13 യഥാസമയം ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുട അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും മാസവും രേഖപ്പെടുത്തിയിട്ടില്ല. 04.11.2024-ലും, 31.03.2025-ലും മാത്രമാണ് ഡ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 ( തുടർ വർഷങ്ങളിൽ ഡിമാന്റ് എൻട്രികൾ യഥാസമയം വരുത്തുന്നതാണെന്ന് മറുപട

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 14.02.2024-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വി( ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ്പ്രകാരം | ₹21,98,79,447/- | ₹21,90,07,847/- |
| വാർഷികകണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം) | ₹14,51,83,642/- | ₹14,07,67,127/- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,28,68,613/- |
| വരവ് | ₹3,74,44,486/- |
| ആകെ | ₹6,03,13,099/- |
| ചെലവ് | ₹4,05,50,605/- |
| നീക്കിയിരിപ്പ് | ₹1,97,62,494/- |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെല( താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് വികസന ഫണ്ട് (ജനറൽ, എസ്.സി.പി., റ്റി.എസ്.പി.) എന്നീ ഫണ്ടുകളുടെ സോഴ്സിത ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ ( എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 1,35,63,422 | 1,55,67,000 |
| ചെലവ് | 1,55,67,000 | 1,55,67,000 |
| നീക്കിയിരിപ്പ് | (-)20,03,578 | 0 |

2. വികസന ഫണ്ട് (എസ്.സി.പി.)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 25,32,733 | 27,32,000 |
| ചെലവ് | 27,32,000 | 27,32,000 |
| നീക്കിയിരിപ്പ് | (-)1,99,267 | 0 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എ
ഉൾപ്പെടുത്താതിരുന്നതു മൂലവും, വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാ

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 60,81,217 |
| വരവ് | 71,89,811 | 71,89,811 |
| ആകെ | 71,89,811 | 1,32,71,028 |
| ചെലവ് | 49,38,994 | 49,38,994 |
| നീക്കിയിരിപ്പ് | 22,50,817 | 83,32,034 |

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 19,61,345 |
| വരവ് | 26,23,315 | 26,23,315 |
| പലിശ | 0 | 2,50,503 |
| ആകെ | 26,23,315 | 48,35,163 |
| ചെലവ് | 21,41,503 | 21,41,503 |
| നീക്കിയിരിപ്പ് | 4,81,812 | 26,93,660 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | ആകെ | ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | നീക്കിo |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,55,67,000 | 1,55,67,000 | 1,55,67,000 | ( |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 27,32,000 | 27,32,000 | 27,32,000 | ( |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 25,93,000 | 25,93,000 | 23,24,847 | 2,68,153 (ലാപ്സാ |
| മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്) | 0 | 47,79,000 | 47,79,000 | 46,78,024 | 1,00,976 (ലാപ്സാ |

| | | | | | |
|---|---|---|---|---|---|
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 60,81,217 | 61,71,000 | 1,22,52,217 | 44,29,588 | 78,22,629 (നീക്കി |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | 0 | 10,18,811 | 10,18,811 | 5,09,406 | 5,09,405 (ലാപ്സാ |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 19,61,345 | 28,73,818 | 48,35,163 | 21,41,503 | 26,93,660 (നീക്കി |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്‌ക്കീം -3 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 8,82,113 | 25,709 | 9,07,822 | 3,04,582 | 6,03,240 (നീക്കി |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്‌ക്കീം -4 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ | 2,18,474 | 4,78,009 | 6,96,483 | 2,05,853 | 4,90,630 (നീക്കി |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

| അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | അടങ്കൽ | പൂർണമായും നടപ്പാക്കിയ പദ്ധതികൾ | ചെലവ് | ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ | നടപ്പാക്കാത്തവ | പൂർ പ്രോ % |
|---|---|---|---|---|---|---|
| 197 | 11,10,32,817 | 120 | 4,89,28,726 | 22 | 55 | 60.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 16,28,528 | 16,28,528 | 14,70,118 | 1,58,410 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,67,39,282 | 4,67,39,282 | 4,67,39,282 | 0 |
| ആകെ | 0 | 4,83,67,810 | 4,83,67,810 | 4,82,09,400 | 1,58,410 |

വാർഷിക കണക്കുകളിലെ വിവിധ പത്രികകളിലുൾപ്പെട്ടിട്ടുള്ള തുക പൊരുത്തപ്പെടാത്തതിനാൽ ട്രയൽ ബാലൻസ് പ്രകാരമുള്ള തുകയാണ് ഭരണ ഉൾപ്പെടുത്തിയിരിക്കുന്നത്. I-6 പ്രകാരം ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെട്ടി ആകെ ചെലവ് ക്രമീകരിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,37,59,600 | 861 |
| വിധവാ പെൻഷൻ | 60,35,000 | 390 |
| | | |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1,34,49,000 | 914 |
| വികലാംഗ പെൻഷൻ | 21,84,400 | 134 |
| അവിവാഹിത പെൻഷൻ | 2,11,200 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക
പരിശോധന 09.10.2025-ൽ 3.22 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നട
പരിശോധനയിൽ തൻദിവസം ക്യാഷ് വരവ് ഒന്നുംതന്നെയില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലർക്ക്, 3 സീനിയർ ക്ലാർക്ക്, 3 ക്ലാ
അറ്റൻഡന്റ്, 1 പാർട്ട് ടൈം സ്വീപ്പർ എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീ
ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകി
സമയങ്ങളിലെ ജോലികൾ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ്
പുറപ്പെടുവിച്ചിട്ടുണ്ട്. തൻവർഷം ഇപ്രകാരം 21 ഓഫീസ് ഉത്തരവുകൾ പുറപ്പെടുവി
മേഖലകളിലെ പ്രവർത്തനങ്ങളിൽ മികവ് കൊണ്ടുവരാൻ ഗ്രാമപഞ്ചായത്ത്
നിയന്ത്രണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യ
സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവ

1. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മറ്റി തൻവർഷം 5 തവണ യോഗം ചേർ
സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ്
തയ്യാറാക്കിയിട്ടില്ല. ടെണ്ടർ/ക്വട്ടേഷന് അംഗീകാരം നല്കുക എന്ന ചുമതല മാത്രമാണ്
കമ്മറ്റി നിർവഹിച്ചു വരുന്നത്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേ

മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ
പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

2. തനത് വരുമാനത്തിലുള്ള കുറവ് മൂലം നിത്യനിദാന ചെലവുകൾക്ക് ബു
പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനക
കമ്മിറ്റി ചർച്ച ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് പ
യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ച
തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ
ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

3. ജനറൽ-കമ്പ്യൂട്ടർ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കില
വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർ
സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശിക
കുടിശ്ശികയുടെ വിവരം പരിശോധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെ
സ്വീകരിക്കാത്തതിനാൽ ഫൈൻ ഇനത്തിൽ പ്രതിമാസം ലക്ഷക്കണക്കിന് രൂപ
അധിക ബാധ്യത ഉണ്ടാക്കുന്നു.

5. ഗ്രാമ പഞ്ചായത്തിൽ രണ്ട് വി.ഇ.ഒ തസ്തികയുള്ളതിൽ ഒരു വി.ഇ.ഒ-യ്
ഇംപ്ലിമെന്റേഷൻ ചുമതലയുള്ളത്. രണ്ട് പേർക്കും ഇംപ്ലിമെന്റേഷൻ ചുമതല നല്കുന
ക്രമീകരണം ഏർപ്പെടുത്തി ജോലിഭാരം സമീകരിക്കുന്നത് ഉചിതമായിരിയ്ക്കും.
ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ
സ്വീകരിക്കേണ്ടതാണ്.

## **1-10 ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ജി.എസ്.ടി ഈടാക്ക**

2017 ലെ C.G.S.T Act, S.G.S.T Act എന്നിവയിലെ സെക്ഷൻ 51 പ്രകാരം, ഒരു കരാർ
മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും സേവനങ്ങൾക്കും 2% ജി.എസ്

നിന്നും ഈടാക്കി ബാക്കി തുക മാത്രമാണ് വിതരണക്കാരന് നൽകേണ്ടത്. ഗ്രാമ
മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നട
വിവിധനിർമ്മാണ പ്രവൃത്തികളിൽ നിർമ്മാണ സാമഗ്രികളുടെ വിതരണം
ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകിയപ്പോൾ നിയമാനുസൃത ജി.എസ്.ടി, ഉറവ
ചെയ്യാതെയാണ് കരാർ തുക അനുവദിച്ചതെന്ന് കണ്ടെത്തിയിരുന്നു. 2024-25 സാ
നടപ്പിലാക്കിയ രവി നിവാസ് – കാർത്തിക റോഡ്, കൈനടി-പനച്ചുവട് റോഡ്, എന്ന്
പ്രവൃത്തികളിലും സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡ് സ്ഥാപിക്കലിന് കരാർ പ്ര
തുക നൽകിയപ്പോഴും ബാധകമായ ജി.എസ്.ടി ഈടാക്കാതെയാണ് സാധനങ്ങ
കരാറുകാർക്ക് തുക നൽകിയത്. ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് യഥാക്രമം ₹6,698
എന്നിങ്ങനെ ആകെ **₹21,075/-** ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് മുഖേന രസീത് നം.R-G
10-2025, G040703-25000692/16-10-2025& G040703- 25000694 /17-10-2025 എന്നിവ പ്രകാരം ഒടുക്കി

## 1-11 കെട്ടിടത്തിന്റെ തറനിർമ്മിതി തെറ്റായി ഉൾപ്പെടുത്തി വസ്തുനികുത നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും ചട്ടങ്ങളും പ്രകാരം അ
നികുതിയിന്മേൽ ആവശ്യമായ ഇളവുകളും വർദ്ധനവുകളും നൽകിയ
നിർണ്ണയിക്കേണ്ടത്. 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികു
ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വില
സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്റ
വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശത
നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വാർഡ് 13-ലെ ശ്രീ.ഉണ്ണികൃഷ്ണൻ പി.വി.യുടെ ഉടമസ്ഥതയി
പാർപ്പിടാവശ്യത്തിനുള്ള 229ബി നമ്പർ കെട്ടിടത്തിന് 2024-25 ഒന്നാം അർദ്ധവർഷ
വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. എന്നാൽ 259.24 ച.മീ. തറവിസ്തീർണ്ണമുള്ള ടി
തറനിർമ്മിതി "സാധാരണ തറനിർമ്മിതിയായി" കണക്കാക്കുകയും ആയ
വരുത്താതെയുമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത കെട്ടിടം ഏ

(മാർബിൾ, ഗ്രാനൈറ്റ്, ടൈൽസ്, തറയോട്, റെഡ് ഓക്സൈഡ് മുതലായവ) ഉപയോ
ഫീൽഡ്തല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അ
(07/9.10.2025) കെട്ടിടത്തിന്റെ തറ നിർമ്മിതിക്കായി ഉപയോഗിച്ചിരിക്കുന്നത് ഗ്രാനൈറ്
ആണെന്നുള്ള മറുപടി ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മേൽത്തരം തറയുടെ വർദ്ധ
നികുതി നിർണ്ണയിച്ചതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്
ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. നിലവിലും ഈ വൈരുദ്ധ്യം നിലനിൽക്കുന്നു. വി
ചേർക്കുന്നു.

| | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയി ക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 2449.818 ച.മീ (259.24 X 9.45) | 2449.818 ച.മീ (259.24 X 9.45) | 422 |
| തറ നിർമ്മിതി – 15% വർദ്ധനവ് | -- | 367.47 | |
| വഴി സൗകര്യം - 20% വർദ്ധനവ് | 489.9636 | 489.9636 | |
| മേഖല – 20% ഇളവ് | 489.9636 | 489.9636 | |
| നികുതി | 2450 | 2817 | |
| ലൈബ്രറി സെസ് - 5% | 123 | 141 | |
| സർവ്വീസ് ചാർജ്ജ് - 10% | 245 | 282 | |
| ആകെ | 2818 | 3240 | |

മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധ
വിശദമാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ മേൽത്തരം തറയെന്ന ഗണമായ
കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കേണ്ടത്. തറനിർമ്മിതി തെറ്റായി ഉൾപ്പെടുത്
നികുതി പുനർ നിർണയിച്ച് 2024-25 സാമ്പത്തിക വർഷം കുറവ് വന്ന 422 /- രൂപ (3240 -
കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടത
പുനർനിർണയിക്കുന്ന തീയതി വരെയുള്ള നഷ്ടം കണക്കാക്കി ഈടാക്കേണ്ടതാണ്.
ആയത് നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. വിഷയം
സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 60 ച.മീ. തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിലെ അപാകതകൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ,തീയതി 27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ,ത
പ്രകാരം 60 ച.മീ. (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങ
ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിന
ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ
സംബന്ധിച്ച് സഞ്ചയ വെബ് സൈറ്റ് പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒ
കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശം ചുവടെ

| ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നം./ കെട്ടിട നം. | വിസ്തീർണ്ണം |
|---|---|---|---|
| 1 | ജിനു.കെ.എൻ | 2/195A | താഴത്തെ നില – 55.52 ച.മീ |
| | | 2/195B | താഴത്തെ നില – 12 ച.മീ |

| | | | |
|---|---|---|---|
| 2 | ആർ.ജി.ശാസ്ത്രി | 4/208 | താഴത്തെ നില – 44 ച.മീ |
| | | 4/209 | താഴത്തെ നില – 52 ച.മീ |
| 3 | വിനോദ് റ്റി.എ./ ജിഷ കെ.ജി. | 5/206A | താഴത്തെ നില – 16.24 ച.മീ |
| | | 5/206B | താഴത്തെ നില – 45.5 ച.മീ |

മേൽ അപാകതയുടെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നമ്പർ 1-ലെ 2/195B കെട്ടിടം 2018 വെള്ളപ്പൊക്കത്തെ തുടർന്ന് വാസയോഗ്യമല്ലാതാകു ബിൽഡ് കേരള സ്കീമിൽ ഉൾപ്പെടുത്തി പുതിയ വീട് നിർമ്മിക്കുകയും ടി കെട്ടിടത്ത അനുവദിക്കുകയും ചെയ്തു. 2/195B വാസയോഗ്യമല്ലാതായി മാറിയതിനെ തു നീക്കിയതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടെങ്കിലും കെട്ടിട ഉടമ രേഖാ നൽകാത്തതിനാൽ കെട്ടിടം നികുതി നിർണ്ണയ രേഖകളിൽ നിന്നും നീക്കം ചെയ്തി ആയത് നീക്കം ചെയ്യുമെന്നും ക്രമ നമ്പർ 2-ലെ 4/208 കെട്ടിടം പൊളിച്ചു കളഞ്ഞിട്ടു ആയത് കെ-സ്മാർട്ടിൽ തിരുത്തൽ വരുത്തുന്നതിന് ആവശ്യമായ സ്വീകരിക്കുന്നതാണെന്നും മറുപടി ഓഡിറ്റിൽ ലഭ്യമാക്കി. എന്നാൽ ക്രമ നമ്പർ 3- സംബന്ധിച്ച മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കിയ കെട്ടിടങ്ങൾ സംബ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും അനധികൃതമായി നികു കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണയിച്ചു രേഖകൾ സഹിത ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-13 വസ്തുനികുതി പരിഷ്ക്കരണ വിവരങ്ങൾ ലഭ്യമാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും)ചട്ട പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന

കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മ ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേ പറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ. തസ്വഭവ തീയതി 22.03.23 പ്രകാരം) 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെ പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത മാർഗ്ഗനിർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡി (നം. 04/09.10.2025) മറുപടി ലഭ്യമാക്കിയല്ല. വസ്തു നികുതി പുതുക്കലുമാ വിവരശേഖരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഓഡിറ്റിന് സാധിച്ചി വിവരശേഖരണം നടത്തി, ഉദ്യോഗസ്ഥതല പരിശോധനയ്ക്ക് ശേഷം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുകയും പുതുക്കിയ നിരക്കിനനുസൃതമായി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. വസ്തുനികുതി പരിഷ്ക്കരണം പൂർത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്ക സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മ ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം ത അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നി എന്നാൽ നീലംപേരൂർ ഗ്രാമ പഞ്ചായത്തിലെ 2024-25 കാലയളവിലെ സാമൂഹ്യ സു വിതരണം സംബന്ധിച്ച് സേവന വെബ്സൈറ്റ് പരിശോധിച്ചതിൽ മരണപ്പെട്ടവര

പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ തീയതി മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻ കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് |
|---|---|---|---|---|---|
| 1 | ചന്ദ്രശേഖരൻ നായർ വി. | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104600200297 | 13.03.2025 | 04.2025 മുതൽ 07.2025 വരെ (4 മാസം) |
| 2 | വാസുദേവൻ | കർഷക തൊഴിലാളി പെൻഷൻ | 104600100486 | 18.03.2025 | 04.2025 മുതൽ 07.2025 വരെ (4 മാസം) |
| 3 | മേരിമ്മ സെബാസ്റ്റ്യൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 104600600368 | 10.03.2025 | 04.2025 മുതൽ 07.2025 വരെ (4 മാസം) |
| 4 | മറിയാമ്മ സെബാസ്റ്റ്യൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104600200480 | 13.02.2025 | 03.2025 മുതൽ 07.2025 വരെ (5 മാസം) |

| | | | | | |
|---|---|---|---|---|---|
| 5 | അശോകൻ എം. കെ. | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104600200932 | 11.03.2025 | 04.2025 മുതൽ 07.2025 വരെ (4 മാസം) |
| 6 | രവീന്ദ്രൻ സി.ആർ. | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104600201075 | 17.11.2024 | 12.2024 മുതൽ 07.2025 വരെ (8 മാസം) |
| **ആകെ** | | | | | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി വിവിധ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം വിതരണം ചെയ്ത ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട കാലയളവിലേക്ക് നൽകിയ പെൻഷൻ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കുന്നില്ല

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205, 1996 ലെ കേരള പഞ്ചായത നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്ത ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായ ഏതെങ്കില ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്ര ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തെ ചുമത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തെ സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ പഞ്ചായത്ത്

പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, ക്ഷീരോൽപ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) 1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധി വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാ ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വ സ്ഥാപനങ്ങളിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തെ ഇടാക്കേണ്ടതാണ്. 2024-25 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തീടാ

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, നീലംപേരൂർ | I & II |
| 2 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, വാലടി | |

3) ഗ്രാമപഞ്ചായത്തിലെ ഒന്നിലധികം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | എബ്രു അബ്രഹാം |
| 2 | മാത്യു വർഗീസ് |
| 3 | രാജേഷ് പി.എച്ച്. |
| 4 | യോഹന്നാൻ ടി.വി. |

4) ലൈസൻസ് അപേക്ഷകളും തൊഴിൽ നികുതി രജിസ്റ്ററും തമ്മിൽ പരിശോധിച്ചത
പോളിമേഴ്സ്, നീലംപേരൂർ എന്ന സ്ഥാപനത്തിൽ 25 ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട
അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക
തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊ
ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാൻ നൽ
അന്വേഷണത്തിന് (24/17.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ജീവന
സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്

**1-16 മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവു തുക ഗ്രാമപ്പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം ഒടുക്കുവരുത്തുന്ന**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/
നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ
ഗ്രാമപ്പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പുമേധാവികൾ ഇ-ടെണ്ടറുമാ
ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖയിൽ ഔദ്യോഗിക മേ
ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അപ്രകാരം
അക്കൗണ്ടിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ ഇനത്തിലും മറ്റും ലഭിക്കുന്ന ത
തനതുഫണ്ടിൽ അടവാക്കേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്
പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ടിലെ (എസ്.ബി.ഐ, കണ്ണാടി, അക്കൗണ്
വരവുതുകകൾ യഥാസമയം പഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കുന്നില്ല. 20
ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 01.04.2024 ൽ 61,160/- രൂപ മുന്നിരി
24,090/- രൂപ നീക്കിയിരിപ്പും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ
ഈ തുക വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്ത സ്ഥിതിയുണ്ട്.
അക്കൗണ്ടിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യവുമുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്ക

നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. വാർഷിക കണക്കുകൾ തയ്യാറാക്കു കൂടുതൽ കൃത്യത ഉറപ്പാക്കുന്നതിനും ഇത് സഹായകരമാണ്. സാമ്പത്തിക വർഷ കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീസ് സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ല വരുമാനം നഷ്ടമായ സ്ഥിതിയുണ്ട്. ഇ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക സമ ഗ്രാമപഞ്ചായത്തിന് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 എ.എം.സി പുതുക്കൽ - ആദായ നികുതി ഈടാക്കിയില്ല

ആദായ നികുതി നിയമം വകുപ്പ് 194J പ്രകാരം പ്രൊഫഷണൽ, ടെക്നിക്കൽ സേവ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് 30000/-രൂപയിൽ അധികം പ്രതിഫലം നല്കുന്ന സ സ്രോതസിൽ നികുതി കുറവ് ചെയ്യേണ്ടതാണ്. (Section 194J Of The Income Tax Act Mandat Source (TDS) In Respect Of Payments Made For Professional And Technical Services Exceeding Rs. 30,00 Generally, The TDS Rate Is 10%, But It Varies Based On The Type Of Service, With Technical Services Requi 2024-25 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോ നടപ്പിലാക്കിയ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എ.എം.സി എന്ന പ കെൽട്രോണിന് ₹35,990/- നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക നല്കിയപ്പോ നികുതി കുറവ് ചെയ്തതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നമ്പർ** | S0028/25 |
| **പ്രോജക്ടിന്റെ നമ്പർ** | **എ.എം.സി പുതുക്കൽ** |
| അടങ്കൽ-വികസന ഫണ്ട് | ₹60,000/- |
| ചെലവ് | ₹35,990/- (ബി.ആർ.എൻ-24060452018901544962 തീയതി 15.03.2025) |

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹30,500/- |
| ഈടാക്കേണ്ട ആദായ നികുതി (2%) | ₹610/- |

കരാർ സ്ഥാപനത്തിന് നല്കിയ തുകയിൽ നിന്നും നികുതി കുറവ് ചെയ്യാതിരുന അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം-20/16.10.2025) നൽകി തുക ഈടാക്കി ഒടുക്കാമെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖാമൂ അറിയിക്കേണ്ടതാണ്.

## 1-18 ജി.എസ്.റ്റി. -ടിഡിഎസ് കിഴിവ് ചെയ്തില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രേ S0177/25 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് 263 ജി -ബിന്നുകൾ ഗുണഭോക്തൃവിഹിത യുവജന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നു മുഖാന്തിരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിതരണ ഏജൻസി സമർപ്പിച്ച 11,28,270 ഇൻവോയിസ്സിൽ GST കിഴിച്ച ശേഷമുള്ള ബിൽതുകയായ 10,07,383.89 രൂപയുടെ 2 ഒടുക്കുന്നതിന് പകരം 20,148 രൂപ ഇൻകം ടാക്സ് TDS ആയി ഈടാക്കി ഒടുക്കിയിട്ടുണ്ട്.

2017 ലെ CGST നികുതി നിയമം Section 51 പ്രകാരം പഞ്ചായത്തുകൾ പോലുള്ള പ്രാദേശ സ്ഥാപനങ്ങൾ, വിതരണക്കാരിൽ നിന്നും (Suppliers) ലഭിക്കുന്ന ₹2,50,000 (രണ്ടര ലക്ഷ മൂല്യമുള്ള കരാറുകളോ വിതരണങ്ങൾക്കോ സേവനങ്ങൾക്കോ വസ്തുക്കൾക്കേ പേയ്മെന്റിൽ നിന്നും 2% നിരക്കിൽ (CGST 1% + SGST 1%) GST TDS പിടിച്ചെടുക്കു അക്കൗണ്ടിൽ അടയ്ക്കുകയും വേണം.

GST TDS ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല. (ഓഡിറ്റ് അ

നം-22/16.10.25) GST -TDS ഈടാക്കുകയോ സ്ഥാപനം GST ഒടുക്കിയതിന്റെ രേഖകൾ
കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-19 GST-TDS ഈടാക്കിയതിൽ കുറവ്

2017 ലെ CGST നികുതി നിയമം Section 51 പ്രകാരം പഞ്ചായത്തുകൾ പോലുള്ള പ്രാദേശ
സ്ഥാപനങ്ങൾ, വിതരണക്കാരിൽ നിന്നും (Suppliers) ലഭിക്കുന്ന ₹2,50,000 (രണ്ടര ലക്ഷ
മൂല്യമുള്ള സേവനങ്ങൾക്കോ വസ്തുക്കൾക്കോ ബിൽ പേയ്മെന്റിൽ നിന്നും 2% നിര
SGST 1%) GST TDS കിഴിവ് ചെയ്യുകയും സർക്കാർ അക്കൗണ്ടിൽ അടയ്ക്കുകയും
